# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5376 **23.05.2017** -ൽ മറുപടിക്ക്

## പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീ.കെ.മുരളീധരൻ
ശ്രീ.റോജി.എം.ജോൺ
ശ്രീ.സണ്ണി ജോസഫ്
ശ്രീ.എ.പി.അനിൽകുമാർ

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
(ബഹു.മ്യൂസിയവും തുറമുഖവും
പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | പുരാവസ്തു വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിവരിക്കുമോ ; | (എ) | 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സാങ്കേത പുരാവശിഷ്ട ആക്ട്, 1972-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സാങ്കേത പുരാവശിഷ്ട ചട്ടങ്ങൾ എന്നിവ അനുശാസിക്കുന്നത് പ്രകാരം സ്മാരകങ്ങളെ സംരക്ഷിക്കൽ, അവയുടെ ഘടനാപരവും, രാസപരവുമായ സംരക്ഷണ പണികൾ, ലഭ്യമായ പുരാവസ്തുക്കളുടെ പ്രദർശനം, പ്രാമാണീകരണം, ഉദ്ഖനനം, പുരാതത്വ സർവ്വേ തുടങ്ങിയവയും പുതുതലമുറയെ പൈതൃക ശേഷിപ്പുകളെക്കുറിച്ചും, അവയുടെ പ്രാധാന്യത്തെ ക്കുറിച്ചും ബോധവാൻ മാരാക്കുവാൻ എക്സിബിഷൻ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കൽ മുതലായ പ്രവർത്തനങ്ങൾ വകുപ്പ് നടത്തിവരുന്നു. |
| (ബി) | സംസ്ഥാനത്ത് നിലവിലുള്ള ചരിത്ര സ്മാരകങ്ങളും പൈതൃക സമ്പത്തും ഭാവി തലമുറയ്ക്കായി സംരക്ഷിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (ബി) | ചരിത്ര സ്മാരകങ്ങളും, ചരിത്രശേഷിപ്പുകളും സംരക്ഷിക്കുന്നതിനായി കേരളത്തിന്റെ എല്ലാ ജില്ലകളിലും ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി 8 ജില്ലകളിൽ മ്യൂസിയം സജ്ജീകരിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | നശിച്ച് കഴിഞ്ഞാൽ ഒരിക്കലും വീണ്ടെടുക്കാൻ കഴിയാത്ത പൈതൃക ശേഷിപ്പുകളും സാംസ്കാരിക അടയാളങ്ങളും സംരക്ഷിക്കാൻ എന്തെല്ലാം നടപടികളാണ് വകുപ്പ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദീകരിക്കുമോ? | (സി) | നശിച്ച് കഴിഞ്ഞാൽ ഒരിക്കലും വീണ്ടെടുക്കാൻ കഴിയാത്ത പൈതൃക ശേഷിപ്പുകളും സാംസ്കാരിക അടയാളങ്ങളും സംരക്ഷിക്കു ന്നതിന്റെ ഭാഗമായി ജില്ലാ പൈതൃക മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**